



**ആംസ്റ്റർഡാമിന് സമീപമുള്ള കാറ്റാടി യന്ത്രങ്ങളുടെ ഗ്രാമത്തിലെ വിൻഡ്മില്ലുകൾക്കിടയിലൂടെ ഒരു പകൽ മുഴുവൻ പ്രത്യേകിച്ച് ഒരു ലക്ഷ്യവുമില്ലാതെ സൈക്കിളിൽ കറങ്ങി നടന്ന അനുഭവങ്ങളുമായി**

**രാജു റാഫേൽ**

# 'പ്രവേശനം നറുക്കെടുപ്പിലൂടെ'

**രണ്ടു** ദിവസത്തെ ബെൽജിയം സന്ദർശനം കഴിഞ്ഞ് തിരിച്ച് ഹോളണ്ടിലെത്തിയ ശേഷം കുറേ നാളത്തേക്ക് എനിക്ക് സൈക്കിളിൽ ദീർഘദൂര യാത്രകൾ നടത്താനായില്ല. ബെൽജിയം അതിർത്തി കടന്നപോലെ ജർമ്മനിയിലേക്കും കഴിയുമെങ്കിൽ അടുത്ത ആഴ്ചതന്നെ സൈക്കിളിൽ യാത്ര ചെയ്യണം എന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷെ ഇൻസ്റ്റിറ്റ്യൂട്ടിലെ തിരക്ക് കാരണം ഒന്നും നടന്നില്ല. വൈകുന്നേരങ്ങളിൽ ബുസ്സും സ്യൂദിൽ നിന്ന് ഹിൽവർസം വരെയോ, ഇൻസ്റ്റിറ്റ്യുട്ടിന് സമീപമുള്ള കാട്ടിലും തടാകക്കരയിലുമായോ കറങ്ങുന്നത് മാത്രമായി എന്റെ സൈക്കിൾ യാത്രകൾ.

ശനിയും ഞായറും ഇൻസ്റ്റിറ്റ്യുട്ടിന് അവധി ദിവസങ്ങളായിരുന്നുവെങ്കിലും ഹോളണ്ടിന്റെ സാംസ്ക്കാരിക പൈതൃകങ്ങളുമായി അടുത്ത് ഇടപഴകുന്ന വിവിധ പരിപാടികളാൽ വാരാന്ത്യങ്ങളും സജീവമായി . റേഡിയോ നെതൽലാന്റ്സിലെ ഏതാനും മുതിർന്ന പത്രപ്രവർത്തകരായിരുന്നു ഇതിന്റെ സംഘാടകർ. ഹോളണ്ടിലെ പ്രധാന പട്ടണങ്ങളെയും അവിടുത്തെ മാധ്യമ സ്ഥാപനങ്ങളെയും പരിചയപ്പെടുക എന്നതായിരുന്നു അതിൽ പ്രധാനം. യുറോപ്പിലെ തന്നെ ഏറ്റവും വലിയ തുറമുഖവും ഹോളണ്ടിലെ രണ്ടാമത്തെ വലിയ നഗരവുമായ റോട്ടർഡാമിനെ പരിചയപ്പെടുത്തിക്കൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിൽ ജർമ്മൻ സൈന്യം ബോംബുകൾ വർഷിച്ച് തരിപ്പണമാക്കിയ തുറമുഖ നഗരമാണ് റോട്ടർഡാം. പുനർനിർമ്മിക്കപ്പെട്ട നഗരത്തിനുള്ളിൽ യുദ്ധാവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. ആർ.എൻ.ടി.സിയുടെ അസിസ്റ്റന്റ് ജനറൽ മാനേജരായ പെദ്ര ഡി നൈറ്റിന്റെ നേതൃത്വത്തിലായിരുന്നു ഞങ്ങളുടെ റോട്ടർഡാം യാത്ര. രണ്ടാം ലോകമഹായുദ്ധത്തിൽ ആദ്യം മുതൽ അവസാനം വരെ പങ്കെടുത്ത ഒരു യുദ്ധക്കപ്പലിന്റെ കപ്പിത്താന്റെ മകളാണ് പെദ്ര. ജനിച്ച് വളർന്നത് റോട്ടർഡാമിൽ തന്നെ. ഇപ്പോൾ യുദ്ധസ്മാരകമായി സംരക്ഷിക്കുന്ന, തന്റെ പിതാവ് സേവനം അനുഷ്ഠിച്ചിരുന്ന കപ്പലിലേക്കാണ് പെദ്ര, റോട്ടർഡാമിൽ ഞങ്ങളെ ആദ്യം കൊണ്ടുപോയത്. ഇത്തരം ഒരുപാട് കപ്പലുകൾ യുദ്ധങ്ങളുടെ നൊമ്പരങ്ങൾ പേറി റോട്ടർഡാമിലെ കടൽച്ചാലുകളിൽ നങ്കൂരമിട്ടുകിടക്കുന്നു. ചിലത് റെസ്റ്റോറണ്ടുകളും ബാറുകളും വേശ്യാഗൃഹങ്ങളുമായി രൂപം മാറിയിരിക്കുന്നു. നിരവധി ചരക്കുകപ്പലുകളും യാത്രക്കപ്പലുകളും കടലി

ലാകെ ചിതറി നങ്കൂരമിട്ടുകിടക്കുന്നത് യുദ്ധകപ്പലിൽ നിന്നുള്ള ഉയരക്കാഴ്ച യിൽ കാണാമായിരുന്നു. കൂറ്റൻ ക പ്പൽ നിർമ്മാണ ശാലകൾ ഒന്നിലധിക മുണ്ട് റോട്ടർഡാമിൽ. കപ്പലോട്ടക്കാരു ടെ ഈറ്റില്ലമായ റോട്ടർഡാമിലെ ക പ്പൽനിർമ്മാണ ശാലകൾ ഗുണനില വാരമുള്ള കടൽയാനങ്ങൾ നിർമ്മിക്കു ന്നതിൽ അതി പ്രശസ്തമാണ്.

റോട്ടർഡാം തുറമുഖത്ത് നിന്ന് , ബ്രിട്ടനെയും യൂറോപ്യൻകരയെയും വേർതിരിക്കുന്ന വടക്കൻ കടലിലൂ ടെ (നോർത്ത് സീ) ഇംഗ്ളീഷ് ചാ നൽ വരെ നീളുന്ന ഒരു കപ്പൽ യാത്ര യാണ് പെട്ര ഡി നെറ്റ് ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. വിനോദ സഞ്ചാ രികളെയും കൊണ്ട് നോർത്ത് സീ പ തിവായി ചുറ്റുന്ന ചെറിയൊരു കപ്പലാ ണ് അത്. കപ്പലിൽ കയറുന്നതിന് മുൻപ് ഭക്ഷണം കഴിക്കാമെന്ന് പെ ട്രെ പറഞ്ഞതോടെ ഈ തണുപ്പത്ത് അല്പം മദ്യപിക്കാതെ എന്ത് കടൽ യാത്രയെന്നായി ഡാംബർ. എല്ലാവരും അതേറ്റു പിടിച്ചതോടെ, ഭക്ഷണം റേ ഡിയോ നെതർലാന്റിസിന്റെ കണ ക്കിൽ, മദ്യം തന്റെവക എന്ന നില പാടെടുത്ത് വിശാലമനസ്കയായി പെട്ര മദാമ്മ, ഞങ്ങളെ ഒരു ബാർ അറ്റാച്ച്ഡ് കപ്പൽ റെസ്റ്റോറണ്ടിലേക്ക് കൊണ്ടുപോയി.

എന്റെ ജീവിതത്തിലെ ആദ്യത്തെ കപ്പൽ യാത്രയായിരുന്നു അത്. എന്നി ട്ടും പ്രത്യേകിച്ച് ഒരു ആകർഷണവും തോന്നിയില്ല. കപ്പൽ യാത്ര പുറപ്പെടു മ്പോഴേക്കും മഞ്ഞുമഴ ശക്തി പ്രാപി ച്ചിരുന്നു. എങ്ങും കനത്ത മൂടൽ മ ഞ്ഞ് മാത്രം. ഞങ്ങൾ ഉൾപ്പെടെ നൂ റോളം യാത്രക്കാരുണ്ടായിരുന്നു കപ്പ ലിൽ. വടക്കൻ കടലിലും ഇംഗ്ലീഷ് ചാനലിലുമായി കപ്പൽ കറങ്ങു മ്പോൾ എല്ലാവരും കപ്പലിലെ റെ സ്റ്റോറണ്ടിലും മറ്റുമായി കൂനിക്കൂടി ഇ രിപ്പായിരുന്നു. മുകളിലെ ബാറിൽ ത മ്പടിച്ചിരുന്ന യാത്രക്കാർ മാത്രമാണ് ആ യാത്ര ആസ്വദിച്ചത്. വിസ്കി ബോട്ടിലുകൾ കാലിയാക്കുന്നതിലായി രുന്നു അവരുടെ ശ്രദ്ധ. കപ്പൽ ഫ്രാൻസിന്റെ തീരത്തോട് അടുത്ത പ്പോൾ ആ നാടിനോടുള്ള ആദരസൂച കമായി അവർ വിസ്കിയിൽ നിന്ന് കൊണ്യാകിലേക്ക് മാറി.

യാത്ര വല്ലാതെ മുഷിപ്പനായ തോടെ ഞാനും മുലാത്തുവും ക്യാ പ്റ്റന്റെ കാബിനിലേക്ക് കയറിപ്പറ്റി. ഇ രുപത്തിരണ്ടുകാരനായ ഒരു ഫ്ളെമി ഷ് യുവാവായിരുന്നു കപ്പിത്താൻ. റോ ട്ടർഡാമിലെ സെയിലേഴ്സ് കോളേ ജിൽ നിന്ന് പഠിച്ചിറങ്ങിയിട്ട് ഒരു വർ ഷമേ ആയുള്ളൂ. ഒരു പരിചയമാകട്ടെ എന്ന് കരുതി ഈ വിനോദ സഞ്ചാര കപ്പലിൽ ജോലിക്ക് കയറിയതാണ്. ഏഴ് സമുദ്രങ്ങളും താണ്ടുന്ന വലിയ ചരക്കു കപ്പലിൽ ജോലിക്ക് അപേ ക്ഷിച്ച് കാത്തിരിക്കുകയാണ്. അപ്പോ ഴാണ് ഇടിത്തീപ്പോലെ സാമ്പത്തിക മാന്ദ്യം വന്നത്. അതോടെ കപ്പൽ ചര ക്കു ഗതാഗത മേഖല മൂക്കുംകുത്തി വീണതിനാൽ ഈ വിനോദ സഞ്ചാര കപ്പലിൽ തന്നെ തുടരുന്നു. സാധാരാ ണ പെൻഷൻ പ്രായമായ വയസ്സന്മാരാ ണ് ഇത്തരം ടൂറിസ്റ്റ് കപ്പലുകളുടെ ക പ്പിത്താന്മാരാവുകയത്രേ. എന്തായാ ലും ആളൊരു രസികനായിരുന്നു. ര ണ്ട് മിനിട്ടെങ്കിലും കപ്പലോടിക്കണം എന്ന മുലാത്തുവിന്റെ ആശ, സസ ന്തോഷം സാധിച്ചുകൊടുത്തു ആ ക പ്പിത്താൻ. ഏതോ ഫ്രഞ്ച് പട്ടണത്തി ന്റെ തീരത്തായിരുന്നു ഞങ്ങളപ്പോൾ. അവിടുത്തെ പെൺകുട്ടികൾ അതി സുന്ദരിമാരാണെന്നും താൽപര്യമു ണ്ടെങ്കിൽ കപ്പൽ അവിടെ തീരത്തടു പ്പിക്കാമെന്നും പറഞ്ഞ് മുലാത്തുവി നെ ആവുംവിധം പ്രലോഭിപ്പിക്കാനും ശ്രമിച്ചു ആ ചെറുപ്പക്കാരൻ.

കപ്പൽ യാത്രയുടെ നനഞ്ഞ രാത്രി ക്ക് ശേഷമുള്ള പ്രഭാതം ഊഷ്മളമാ യിരുന്നു. ഏറെ ദിവസത്തിന് ശേഷം സൂര്യപ്രകാശം ദേഹത്ത് തട്ടിയപ്പോൾ എന്തെന്നില്ലാത്ത ഉന്മേഷം തോന്നി. ആംസ്റ്റർഡാമിന് സമീപമുള്ള കാറ്റാടി യന്ത്രങ്ങളുടെ ഗ്രാമത്തിലേക്കാണ് (വിൻഡ്മിൽ വില്ലേജ്- Zaanse Schans) ഇന്ന് ഞങ്ങളുടെ യാത്ര. ഹോളണ്ടിന്റെ ലാന്റ് മാർക്ക് ആണ് 16 -17 നൂറ്റാണ്ടുകളിൽ സ്ഥാപിക്കപ്പെട്ട ഈ കാറ്റാടി യന്ത്രങ്ങൾ . 150-ഓളം കാറ്റാടി യന്ത്രങ്ങളുള്ള ഇവിടം ഇന്ന് ലോകപൈതൃക സംരക്ഷണ കേന്ദ്രങ്ങ ളിൽ ഒന്നാണ്. ധാന്യങ്ങൾ പൊടിക്കു ന്നതു മുതൽ ബീയർ നിർമ്മാണത്തി ന് വരെ ഹോളണ്ടുകാർ ആദ്യകാല ത്ത് ഈ കാറ്റാടി യന്ത്രങ്ങളെ ഉപയോ ഗപ്പെടുത്തിയിരുന്നു. ഒരോ കാറ്റാടി യ ന്ത്രത്തിന്റെ അടിവശവും ഓരോ ഫാം ഹൗസ് കൂടിയാണ്. ധാന്യപുരയും കാ റ്റാടി തിരിയുമ്പോൾ പ്രവർത്തിക്കുന്ന ധാന്യം പൊടിക്കുന്ന യന്ത്രങ്ങളും ചീ സും ചോക്ലേറ്റും നിർമ്മിക്കുന്നതിനു ള്ള സാമഗ്രികളുമൊക്കെ ഉൾക്കൊള്ളു ന്നതാണ് ഫാം ഹൗസുകൾ. രണ്ടോ, മൂന്നോ ചെറിയ കിടപ്പുമുറികളും പുറ കുവശത്തെ കാലിതൊഴുത്തും കൂടി ച്ചേരുമ്പോൾ ഒരു കാറ്റാടി വീട് പൂർ ണ്ണമാകുന്നു. വിശാലമായ വിന്റ് മിൽ വില്ലേജിലേക്ക് മോട്ടോർ വാഹനങ്ങ ളൊന്നും കടത്തില്ല. എന്നാൽ സൈ ക്കിളിൽ വില്ലേജ് ചുറ്റിയടിച്ച് കാണാ നുള്ള സൗകര്യം അധികൃതർ ഒരുക്കി യിട്ടുണ്ട്. വില്ലേജിന്റെ കവാടത്തിൽ ത ന്നെ സൈക്കിൾ വാടകക്ക് കിട്ടും. ഒരു മാതൃകാ വിന്റ് മിൽ എല്ലാവരും കൂടി ഒരുമിച്ച് കണ്ടതോടെ ഞങ്ങൾ സൈ ക്കിളുകൾ വാടകക്ക് എടുത്ത് ചെറു സംഘങ്ങളായി വില്ലേജിനകത്ത് പല വഴിക്കായി പിരിഞ്ഞു. ടിനയും മുലാ ത്തുവും ഡാംബറുമായിരുന്നു എന്റെ കൂടെ. നാല് പേർക്കായി രണ്ട് സൈ ക്കിളുകൾ മാത്രമേ ഞങ്ങൾ എടുത്തു ള്ളൂ. സ്കൂൾ ദിനങ്ങൾക്ക് ശേഷം ആ ദ്യമായിട്ടായിരുന്നു ഞാൻ ഇങ്ങനെ സൈക്കിളിൽ ഡബിൾവെച്ച് ചവിട്ടി യും ഇരുന്നും ഒരു പകൽ മുഴുവൻ പ്രത്യേകിച്ച് ഒരു ലക്ഷ്യവുമില്ലാതെ ക റങ്ങി നടക്കുന്നത്. ഇതിനിടയിൽ ടിന യെ ഗുരുവാക്കി സൈക്കിൾ ചവിട്ടാൻ പഠിക്കാൻ ശ്രമിച്ച ഡാംബർ പലവട്ടം ഉരുണ്ടുമറിഞ്ഞുവീണു കൈകാൽ മു ട്ടുകളിൽ ചോര പൊടിയിച്ചു.

ഗൗഡ, മാസ്ട്രിച്ച്, യൂട്രെക്ക്, തുട ങ്ങിയ ഹോളണ്ട് നഗരങ്ങൾ വിട്ട് ഞ ങ്ങളുടെ വാരാന്ത്യ കറക്കം ബർലിൻ, ഫ്രാങ്ക്ഫുർട്ട്, ഹാംബർഗ്, പാരിസ്, വി യന്ന തുടങ്ങിയ മറ്റ് യൂറോപ്യൻ നഗര ങ്ങളിലേക്കും നീണ്ടു. പലരും യൂറോ റെയിൽവേയുടെ യൂറോ സോൺ പാ സ്സിന്റെ ഉപഭോക്താക്കളും കടുത്ത ആ രാധകരുമായി മാറി. യൂറോ റെയിൽ കടന്ന് പോകുന്ന ഇരുപത്തിയഞ്ചില ധികം രാജ്യങ്ങളിലെ ഏത് നഗരത്തി ലും എപ്പോൾ വേണമെങ്കിലും ഇറ ങ്ങാനും അവിടെ നിന്ന് കയറാനും ക ഴിയുന്നതാണ് യുറോ സോൺ പാസ്സ്. ഹോളണ്ട്, ബൽജിയം, ഫ്രാൻസ് എ ന്നിങ്ങനെ അടുത്തടുത്തുള്ള മൂന്ന് രാ ജ്യങ്ങളുടെയോ അഞ്ച് രാജ്യങ്ങളുടെ യോ പാസ് വേണമെങ്കിൽ അങ്ങിനെ യും ലഭിക്കും. പാസ്സിന്റെ വില, രാജ്യ ങ്ങളുടെ എണ്ണം കുറയുന്നതിന് അനു സരിച്ച് കുറയും. വെള്ളിയാഴ്ച ക്ലാ

ങ്. നാല്പത് കിലോമീറ്ററേ സ്വാളെ യിൽ നിന്ന് ജർമ്മൻ അതിർത്തിയിലേ ക്കുള്ളൂ. അതിർത്തി കടന്നാൽ എത്തു ന്ന ജർമ്മൻ നഗരമായ മാപ്പെനിൽ എന്റെയൊരു സുഹൃത്ത് താമസിക്കു ന്നുണ്ട്. അവന്റെ കൂടെയാണെന്റെ താമസം. അതായത് എല്ലാ ദിവസവും ക്ലാസ് കഴിഞ്ഞ് ജർമ്മനിയിലേക്ക് വണ്ടി കയറുക. രണ്ടും മൂന്നും ട്രെ യിൻ മാറി കയറിയാലെ മേപ്പനിൽ എ ത്തുമെന്ന് മാത്രം. രാവിലെ അവന്റെ പോളണ്ടുകാരി ഭാര്യ എന്നെ കാറിൽ സ്വാളെയിൽ കൊണ്ടുവന്ന് വിടും.

നാല് വർഷം ദൈർഘ്യമുള്ള ബി രുദ കോഴ്സ് ആണ് ആ യൂണിവേഴ് സിറ്റിയിൽ ജേർണ്ണലിസത്തിന് ഉള്ളത്



ലോകപൈതൃക സംരക്ഷണ കേന്ദ്രങ്ങളിലൊന്നായ വിൻഡ്മിൽ വില്ലേജ്

**ഹോളണ്ടിന്റെ ലാന്റ്മാർക്ക് ആണ് 16 –17 നൂറ്റാണ്ടുകളിൽ സ്ഥാപിക്കപ്പെട്ട ഈ കാറ്റാടി യന്ത്രങ്ങൾ . 150 – ഓളം കാറ്റാടി യന്ത്രങ്ങളുള്ള ഇവിടം ഇന്ന് ലോകപൈതൃക സംരക്ഷണ കേന്ദ്രങ്ങളിൽ ഒന്നാണ്. ധാന്യങ്ങൾ പൊടിക്കുന്നതു മുതൽ ബീയർ നിർമ്മാണത്തിന് വരെ ഹോളണ്ടുകാർ ആദ്യകാലത്ത് കാറ്റാടി യന്ത്രങ്ങളെ ഉപയോഗപ്പെടുത്തിയിരുന്നു. ഒരോ കാറ്റാടി യന്ത്രത്തിന്റെ അടിവശവും ഓരോ ഫാം ഹൗസ് കൂടിയാണ്.**

സ്സ് കഴിഞ്ഞശേഷം രാത്രി ആംസ്റ്റർഡാ മിൽ നിന്ന് പോളണ്ടിലേക്കോ സ്പെ യിനിലേക്കോ പോകുന്ന ഏതെങ്കിലും ദീർഘ ദൂര ട്രെയിനിൽ കയറുക, ട്രെ യിനിൽ ഉറങ്ങുക, നേരം വെളുക്കു മ്പോൾ ആദ്യം കാണുന്ന നഗരത്തിൽ ഇറങ്ങുക. അന്ന് പകൽ അവിടെ ചെ ലവഴിച്ച ശേഷം രാത്രി വീണ്ടും യൂ റോ ട്രെയിനിൽ കയറി മറ്റൊരു രാജ്യ ത്തെ മറ്റൊരു പട്ടണത്തിലേക്ക് നീങ്ങു ക. തിങ്കളാഴ്ച അതിരാവിലെ തിരികെ ബുസ്സുമിലെത്തുന്ന വിധത്തിൽ അവി ടെ നിന്ന് തിരിച്ച് പോരുക, തിങ്കളാഴ് ച കൃത്യസമയത്ത് തന്നെ ഇൻസ്റ്റിറ്റ്യൂ ട്ടിൽ ഹാജരാവുക – ഏതാണ്ട് ഇത്തര ത്തിലായിരുന്നു ഞങ്ങളുടെ വാരാന്ത്യ യാത്രകൾ. ഇങ്ങനെ ഒരു ശനിയാഴ്ച വൈകുന്നേരം തെക്കൻ ഫ്രാൻസിലെ മൂറെറ്റ് പട്ടണത്തിൽ നിന്ന് ഇറ്റലിയി ലേക്ക് പോകുന്ന ട്രെയിനിൽ കയറിയ ഞാൻ നേരം വെളുത്ത് കണ്ണ് തിരുമ്മി നോക്കിയപ്പോൾ എത്തിയിരിക്കുന്ന റെയിൽവേ സ്റ്റേഷൻ മെഡിറ്ററേനിയൻ തീരത്തുള്ള ഫ്രഞ്ച് നഗരമായ കാൻ ആയിരുന്നു. വേഗം അവിടെ ചാടിയിറ ങ്ങി. കോളേജ് ദിനങ്ങളിൽ കാൻ ചല ചിത്രോത്സവത്തിന്റെ റിപ്പോർട്ടുകൾ പ ത്രങ്ങളിൽ ആർത്തി പിടിച്ച് വായിക്കു മ്പോഴൊന്നും ഒരിക്കലും കരുതിയിരു ന്നില്ല, എന്നെങ്കിലും ഈ നഗരത്തിൽ കാലുകുത്താൻ കഴിയുമെന്ന്. സിറ്റി ബസ്സിൽ കയറി കാൻ ഫിലിമോത്സ വം എല്ലാവർഷവും നടക്കുന്ന സിനി മാ വില്ലേജ് കണ്ടു സായൂജ്യമടഞ്ഞു. മെയ് 16 ന് തുടങ്ങിയ കാൻ ചലച്ചി ത്രോത്സവം കഴിഞ്ഞിട്ട് രണ്ടാഴ്ചയേ ആയിട്ടുള്ളൂള്ളൂ. അതിനാൽ ചലച്ചി ത്രോത്സവത്തിന്റെ ഹാങ് ഓവറിലാ യിരുന്നു കാൻ നഗരം – അല്ലെങ്കിൽ എനിക്ക് അങ്ങിനെ തോന്നി – സിനി മാ വില്ലേജിൽ ആദ്യം കണ്ട ടെല ഫോൺ ബുത്തിൽ കയറി, നാട്ടിലെ സുഹൃത്തുക്കളൊയൊക്കെ വിളിച്ചു– "എടാ, ഞാൻ കാനിൽ നിന്നാണ് വിളി ക്കുന്നുത്.! "

ഇങ്ങനെ ആഴ്ചകൾ പലതും കഴി ഞ്ഞതോടെ ഫീൽഡ് പോസ്റ്റിങ്ങിന്റെ സമയമായി. ജേർണ്ണലിസം പഠിപ്പിക്കു ന്ന ഏതെങ്കിലും യൂണിവേഴ്സിറ്റി ഡി പ്പാർട്ട്മെന്റിൽ അവിടുത്തെ അധ്യാപ കരുടെ കൂടെ അവരിലൊരാളായി വി ദ്യാർത്ഥികളെ പത്രപ്രവർത്തനം പഠി പ്പിക്കണം. എങ്ങിനെ ജേർണ്ണലിസം പഠിപ്പിക്കണം എന്ന് പരിശീലച്ചത് പ്രാ യോഗികമായി പരീക്ഷിക്കാനുള്ള അ വസരം. ഏതാണ്ട് ജർമ്മൻ അതിർത്തി യിലുള്ള സ്വാളെ എന്ന പുരാതന നഗ രത്തിലെ വിൻഡെഷിം സാങ്കേതിക സർവ്വകലാശാലയുടെ സ്കൂൾ ഓഫ് മീഡിയയിൽ ആണ് എന്റെ പോസ്റ്റി

– ബിരുദാനന്തര കോഴ്സോ, പിഎ ച്ച്.ഡി ചെയ്യാനുള്ള സൗകര്യമോ ഇ ല്ല. ആകെ സീറ്റുകളുടെ എണ്ണം 30. അങ്ങിനെ നോക്കുമ്പോൾ നാല് വർ ഷത്തെയും വിദ്യാർത്ഥികളെ മൊത്തം കൂട്ടുമ്പോൾ 120 പേർ വേണം. പക്ഷേ ഏതാണ്ട് 70 വിദ്യാർത്ഥികൾ മാത്രമേ ആ മീഡിയ സ്കൂളിൽ ആകെ ഉ ണ്ടായിരുന്നുള്ളൂ. അത് എന്ത് കൊ ണ്ടാണ് എന്ന് അന്വേഷിച്ചപ്പോൾ ഡി പ്പാർട്ട്മെന്റ് ഹെഡ്ഡിൽ നിന്നും കിട്ടിയ മറുപടി എന്നെ അമ്പരപ്പിച്ചു. ജേർണ്ണ ലിസം കോഴ്സിന് ചേരുന്നവരിൽ മൂ ന്നിൽ ഒരു ഭാഗം ആദ്യ വർഷം തന്നെ പഠനം നിറുത്തി പോകുമത്രേ ! പത്ര പ്രവർത്തകരാവാനുള്ള വാസനയോ താല്പര്യമോ ഇല്ലാത്തവരാകും ആ കുട്ടികൾ. പത്രപ്രവർത്തകനു വേണ്ട സാമൂഹ്യ പ്രതിബദ്ധത എന്ന വികാരം തൊട്ടുതെറിച്ചിട്ടു കൂടിയുണ്ടാകില്ല, വാൻ ഗോഗിനെയോ വിക്ടർ യൂഗൊ യെയോ അവർക്ക് അറിയില്ല, പിന്നെ എന്തിന് അവർ ജേർണ്ണലിസം പഠിക്ക ണം. അത് കൊണ്ട് പഠിത്തം നിറുത്തി

പോകുന്നു– സാങ്കേതിക ഭാഷയിൽ യൂണിവേഴ്സിറ്റി ഡ്രോപ്പൗട്ട്സ്. 'പിന്നെ എന്തിനാണ് അവർ ജേർണ്ണലിസം ബിരുദതലത്തിൽ ഐച്ഛിക വിഷയമായി എടുക്കുന്നത്, അവർക്ക് താല്പര്യമുള്ള, പഠിച്ച് ജയിക്കാൻ കഴിയുമെന്ന് ഉറപ്പുള്ള ഏതെങ്കിലും വിഷയം എടുത്താൽപ്പോരെ?' എന്റെ സംശയം ന്യായമാണ് എന്ന കാര്യത്തിൽ ആ യുണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസ്സർക്കും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നില്ല.

അതിന്റെ കാരണം ലോട്ടറി സമ്പ്രദായം അടിസ്ഥാനമാക്കിയ ഹോളണ്ടിന്റെ പൊതു വിദ്യാഭ്യാസ നയമാണ് എന്ന വിശദീകരണം കേട്ട് ഞാൻ വാ പൊളിച്ചു പോയി. ഹോളണ്ടിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിനുള്ള യോഗ്യതാ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾ ഏത് വിഷയത്തിൽ ബിരുദമെടുക്കണം എന്ന് തീരുമാനിക്കുന്നത് വിദ്യാർത്ഥികളോ അവരുടെ രക്ഷിതാക്കളോ അല്ല. വിദ്യാഭ്യാസ മന്ത്രാലയം നടത്തുന്ന നറുക്കെടുപ്പിലൂടെ കിട്ടുന്ന വിഷയം ഏതാണോ അതിന് ചേരാൻ വിദ്യാർത്ഥികൾ ബാദ്ധ്യസ്ഥരാണ്. ജേർണ്ണലിസ്റ്റാകണമെന്ന് സ്വപ്നത്തിൽ പോലും ആഗ്രഹിക്കാത്ത, ജനിച്ചിട്ട് ഇന്ന് വരെ ഒരു പത്രം പോലും വായിക്കാത്തവർ വരെ നറുക്ക് എടുപ്പിലൂടെ ജേർണ്ണലിസത്തിന് അഡ്മിഷൻ നേടിയെത്തും. ജേർണ്ണലിസത്തിന്റെ കാര്യം മാത്രമല്ല ഇത്, ഫൈൻ ആർട്ട്സിലും സാഹിത്യത്തിലും കാര്യങ്ങൾ ഇതുപോലെ തന്നെ. ഏതാണ്ട് പകുതിയിലധികം പേർ ആദ്യ വർഷം തന്നെ അത്തരം വിഷയങ്ങളിൽ കൊഴിഞ്ഞുപോകും. ആദ്യ വർഷം തന്നെ ഡ്രോപ്പൗട്ട് ആയാൽ അടുത്ത അധ്യയന വർഷത്തിന് മുന്നോടിയായുള്ള നറുക്കെടുപ്പിൽ ഉൾപ്പെടുന്നതിന് അപേക്ഷിക്കാൻ വിദ്യാർത്ഥിക്ക് അർഹതയുണ്ട്. ചിലപ്പോൾ ഭാഗ്യമുണ്ടെങ്കിൽ ഇഷ്ടപ്പെട്ട വിഷയം കിട്ടാം. ഇങ്ങനെ മൂന്ന് വർഷത്തെ നറുക്കെടുപ്പിൽ വരെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

മെഡിസിനും എഞ്ചിനീറിങ്ങിനും ഒക്കെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ഈ ലോട്ടറി സമ്പ്രദായത്തിൽ കൂടി തന്നെ. ഹയർ സെക്കൻണ്ടറിക്ക് സയൻസും ആരോഗ്യശാസ്ത്രവും എന്ന ഗ്രൂപ്പ് എടുത്ത് പഠിച്ച് തുടർ വിദ്യാഭ്യാസത്തിനുള്ള ഗ്രേഡ് (മാർക്കില്ല) നേടുന്ന ഏതൊരു വിദ്യാർത്ഥിക്കും മെഡിസിന് സീറ്റ് കിട്ടാനുള്ള സാദ്ധ്യതയുണ്ട്. നറുക്ക് വീഴാനുള്ള ഭാഗ്യം ഉണ്ടാവുക എന്നത് മാത്രമാണ് വേണ്ടത്. അതുപോലെ സയൻസും ടെക്നോളജിയും എന്ന ഗ്രൂപ്പ് എടുത്ത് പഠിച്ചവർക്ക് എഞ്ചീനീറിങ്ങിനും സീറ്റ് കിട്ടാം. സമൂഹത്തിലെ എത്ര താഴെയുള്ള കുടുംബത്തിൽ നിന്ന് വരുന്ന കുട്ടികൾക്കും ഡോക്ടറും എഞ്ചീനീയറും കാർഷിക ശാസ്ത്രജ്ഞനും ഒക്കെയാകാനുള്ള തുല്ല്യ സാദ്ധ്യത ഈ ലോട്ടറി സമ്പ്രദായം നൽകുന്നു. ഏത് മേഖലയാവണം ഉന്നത പഠനം എന്ന് ഹയർ സെക്കണ്ടറിക്ക് ചേരുന്നതിന് മുൻപേ വിദ്യാർത്ഥി തീരുമാനിക്കണം. അതിന് ഉള്ള അവകാശം മാത്രമേ വിദ്യാർത്ഥിക്കും രക്ഷിതാക്കൾക്കും ഉള്ളൂ. എന്നാൽ ആ മേഖലയിൽ ഏത് വിഷയം ഒരു വിദ്യാർത്ഥി പഠിക്കണം എന്ന് തീരുമാനിക്കുന്നത് നറുക്കുവീഴുന്നതിലെ ഭാഗ്യ നിർഭാഗ്യങ്ങളാണ്. 1815 ലാണ് ഈ വിദ്യാഭ്യാസ നിയമം നിലവിൽ വന്നത്. പണ്ടൊക്കെ വിദ്യാർത്ഥികളുടെ പേര് എഴുതിയ നറുക്ക് തൊപ്പിയിലിട്ട് എടുക്കുകയായിരുന്നുവെത്രേ. സാങ്കേതിക വിദ്യയുടെ പുരോഗമനം മൂലം കമ്പ്യൂട്ടർ ഉപയോഗിച്ചാണ് ഇപ്പോൾ നറുക്കെടുപ്പ്. അതാണ് വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഹോളണ്ടിൽ സമീപക്കാലത്തുണ്ടായ മാറ്റം.

നമ്മുടെ നാട്ടിലെപ്പോലെ മെഡിസിനും എഞ്ചിനീയറിങ്ങിനും എൻട്രൻസ് പരീക്ഷ ഹോളണ്ടിൽ ഇല്ലാത്തത് നല്ലതാണെന്ന് എനിക്ക് തോന്നി. എൻട്രൻസ് പരിശീലനത്തിന്റെ പീഡനത്തിൽ നിന്ന് കുട്ടികൾക്ക് രക്ഷയായല്ലോ. കേരളത്തിലെ രക്ഷിതാക്കളെപ്പോലെ മക്കൾ ഡോക്ടറാകണമെന്ന് വാശി പിടിച്ച് കുട്ടികളെ പീഡിപ്പിക്കാനും സമർദ്ദത്തിലാക്കാനും ഹോളണ്ടിലെ രക്ഷിതാക്കൾക്ക് കഴിയില്ല. കാരണം നറുക്കെടുപ്പാണ് എല്ലാം തീരുമാനിക്കുന്നത്. മാത്രവുമല്ല, സാമൂഹ്യ സമത്വം നടപ്പിലാക്കാനും വിചിത്രമെന്ന് തോന്നിപ്പിക്കുന്ന ഈ സമ്പ്രദായത്തിന് കഴിയും. ഡോക്ടർമാരുടെ മക്കൾ ഡോക്ടർമാരും എഞ്ചിനീയർമാരുടെ മക്കൾ എഞ്ചിനീയർമാരും ആയിത്തീരുന്ന കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായം സമൂഹത്തിൽ അസമത്വം മാത്രമല്ലേ ഉണ്ടാക്കുന്നുള്ളൂ. എനിക്ക് നേരിട്ട് അറിയാവുന്നതാണ് – തൃശ്ശൂരിലെ പ്രശസ്തമായ എൻട്രൻസ് പരിശീലന സ്ഥാപനത്തിൽ ഏറ്റവും മിടുക്കൻമാരും മിടുക്കികളും ഉൾപ്പെടുന്ന ഒരു ബാച്ച് എല്ലാ വർഷവും ഉണ്ടാവും. കോച്ചിങ്ങ് അധികൃതർ ഏറ്റവും മികച്ച പരിശീലനം നൽകുക ഈ ബാച്ചിനാണ്. മിക്ക വർഷവും ഈ പ്രത്യേക ബാച്ചിലെ എല്ലാ കുട്ടികൾക്കും മെഡിസിന് സർക്കാർ പ്രവേശന പരീക്ഷയിലൂടെ അഡ്മിഷനും ലഭിക്കും. ഈ പ്രത്യേക ബാച്ചിൽ ഉൾപ്പെടണമെങ്കിൽ വിദ്യാർത്ഥിക്ക് നല്ലമാർക്ക് ഉണ്ടായാൽ മാത്രം പോര, അച്ഛനോ അമ്മയോ എം.ഡി ഡോക്ടർ കൂടിയാകണം. അച്ഛനും അമ്മയും എം.ഡി ഡോക്ടർമാരാണെങ്കിൽ പ്രവേശനത്തിന് മുന്തിയ പരിഗണന. അച്ഛൻ എം.ഡിയും അമ്മ സാദാ എം.ബി.ബി.എസ്സും ആണെങ്കിൽ പരിഗണന കുറച്ച് കുറയും എന്ന തരത്തിലാണ് ആ ബാച്ചിലേക്ക് കുട്ടികളെ പ്രവേശിപ്പിക്കുന്നത്. അത്തരം വേർതിരിവിനൊന്നും ഇവിടെ സാദ്ധ്യതയില്ല.

എന്റെ അടുത്ത സംശയം ഒരു വിഷയം പഠിക്കാൻ താല്പര്യമില്ലാതെ, നറുക്കെടുപ്പിലൂടെ അത് ലഭിച്ചത് കൊണ്ട് മാത്രം പഠിച്ചുവരുന്നവർ അതത് രംഗത്തെ പ്രൊഫഷണൽ നിലവാരം തകർക്കുകയില്ലേ എന്നതായിരുന്നു. നറുക്ക് കിട്ടിയതിനാൽ മെഡിസിന് പഠിച്ചവർ മാത്രം ഉൾക്കൊള്ളുന്ന ഡെച്ച് ആരോഗ്യ പരിപാലന മേഖല ലോകത്തിലെ ഏറ്റവും മികച്ചതിൽ ഒന്നാണ് എന്ന് ചൂണ്ടിക്കാട്ടിയായിരുന്നു ഓലെ ടെൻ കൈറ്റ് എന്ന വിദ്യാഭ്യാസ ഗവേഷകൻ എനിക്ക് അതിനുള്ള മറുപടി നൽകിയത്. നിങ്ങളുടെ റേഡിയോ നെതർലാന്റ്സിലെ ഡെച്ച്കാരായ ജേർണ്ണലിസ്റ്റുകളെല്ലാം ഇങ്ങനെ നറുക്ക് കിട്ടിയതിനാൽ മാത്രം ജേർണ്ണലിസം പഠിച്ച് ജേർണ്ണലിസ്റ്റുകളായവരാണന്നും അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തി.

*(അടുത്ത ലക്കം അവസാനിക്കും)*

*ലേഖകന്റെ ഫോൺ : 9400325349*

ആംസ്റ്റർഡാം സൈക്കിൾ അനുഭവങ്ങൾ അവസാനിക്കുന്ന അടുത്തലക്കത്തിൽ യാത്രികൻ **രാജു റാഫേലുമായി പി. സലീംരാജ്** നടത്തുന്ന

**പ്രത്യേക അഭിമുഖം**